**അടിയന്തരപ്രമേയം**

## നിപ വൈറസ് ബാധ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി റൂൾ 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് ഇന്നിവിടെ വായിക്കുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ 52 (6) പ്രകാരം ഇത് അനുവദനീയമാണോ എന്ന് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിന് മുമ്പും ഇതുപോലെ വന്നിട്ടുള്ള സന്ദർഭങ്ങളിൽ അടിയന്തരപ്രമേയത്തിനാണ് പ്രാധാന്യം കൊടുക്കുക. അതേവിഷയത്തിന്മേൽ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ള റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിന് സംരക്ഷണം കൊടുക്കേണ്ട ബാധ്യതയും ചെയറിനുണ്ട്. ചെയറിന്റെ റൂളിംഗാണ് ഇത്. 1999 ജനുവരി 25, 2000 മാർച്ച് 2 എന്നീ തീയതികളിൽ ഇതേ വിഷയം അസംബ്ലിയിൽ വന്നപ്പോൾ അന്നത്തെ സ്പീക്കർ കൊടുത്ത റൂളിംഗാണ് എന്റെ

കയ്യിലുള്ളത്. അതിൽ ചെയർ വയ്ക്കുന്നൊരു നിർദ്ദേശം, അടിയന്തരപ്രമേയ ചർച്ചയും റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റും ഒരുമിച്ച് വന്നുകഴിഞ്ഞാൽ അടിയന്തരപ്രമേയത്തിനാണ് പ്രിഫറൻസ് കിട്ടുന്നതെന്നാണ്. ഇത് അങ്ങയുടെ പിൻകാലത്ത് നടത്തിയിട്ടുള്ള റൂളിംഗാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ റൂൾ ചെയ്താൽ മതി. ഇപ്പോൾ അടിയന്തരപ്രമേയം പരിഗണനയ്ക്കെടുക്കുന്നതല്ലേയുള്ളൂ.

മി. സ്പീക്കർ: റൂൾ 52 (6) പ്രകാരം അങ്ങ് പറഞ്ഞതിൽ സാങ്കേതികമായൊരു ശരി ചെറുതായിട്ടുണ്ടെങ്കിലും ഈ വിഷയത്തിന്റെ പ്രാധാന്യവും പ്രതിപക്ഷത്തിന്റെ അവകാശവും പരിഗണിച്ചുകൊണ്ട് ഇത് പരിഗണനയ്ക്കെടുക്കണമെന്നാണ് ചെയറിന്റെ നിലപാട്.

ഫലപ്രദമായ മരുന്നുകൾ ലഭ്യമല്ലാത്തതും ഉറവിടത്തെക്കുറിച്ച് വ്യത്യസ്തമായ പ്രചരണങ്ങൾ നടക്കുന്നതും കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 17 പേരുടെ മരണത്തിനും 2000-ത്തോളംപേരെ നിരീക്ഷണത്തിലുമാക്കിയ നിപാ വൈറസ് ബാധ സംബന്ധിച്ച് സമൂഹമാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചരണങ്ങൾക്കെതിരെ അവബോധം

സൃഷ്ടിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയും ഇന്നത്തെ കാര്യവിവരപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇന്നലെ സർവ്വകക്ഷിയോഗം ചേർന്ന് വളരെ വിശദമായി ഈ കാര്യങ്ങളെല്ലാം വിലയിരുത്തിയിട്ടുണ്ട്. മാത്രമല്ല, നമ്മളെല്ലാം കൂട്ടായിട്ടാണ് ഈ മഹാവിപത്തിനെ നേരിടാൻ ഒരുങ്ങിയിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ വളരെ പ്രാധാന്യമുള്ളൊരു വിഷയമായതുകൊണ്ട് ചർച്ചയാകാമെന്നതാണ് അഭിപ്രായം.

മി. സ്പീക്കർ : ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. അതിനാൽ ചട്ടം 55 പ്രകാരം 12.30-ന് ഇക്കാര്യം ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ച. അതിന്റെ ഭാഗമായി ഇതേവിഷയത്തിൽ ചട്ടം 300

പ്രകാരം മന്ത്രി നടത്താൻ തീരുമാനിച്ചിരുന്ന പ്രസ്താവന കാര്യവിവരപട്ടികയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.